**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2128** **09-12-2022 - ൽ മറുപടിയ്ക്ക്**

**മോട്ടോർ വാഹന നിയമ ലംഘനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അബ്ദുൽ ഹമീദ് പി,<br>ശ്രീ. കുറുക്കോളി മൊയ്തീൻ,<br>ശ്രീ എൻ എ നെല്ലിക്കുന്ന് ,<br>പ്രൊഫ . ആബിദ് ഹുസൈൻ തങ്ങൾ | | ശ്രീ ആന്റണി രാജു<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് മോട്ടോർ വാഹന നിയമ ലംഘനങ്ങൾ കണ്ടെത്തി നടപടി സ്വീകരിക്കേണ്ട പ്രസ്തുത വകുപ്പിലെ എൻഫോഴ്സ്മെന്റ് വിഭാഗത്തിന്റെ പ്രവർത്തനം ഫലപ്രദമല്ല എന്ന ആക്ഷേപം പരിശോധിച്ചിട്ടുണ്ടോ; | (എ) | സംസ്ഥാനത്ത് മോട്ടോർ വാഹന വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന എൻഫോഴ്സ്മെന്റ് വിഭാഗത്തിന്റെ പ്രവർത്തനം സംബന്ധിച്ച ആക്ഷേപങ്ങൾ യഥാസമയം പരിശോധിക്കുകയും തിരുത്തൽ നടപടി സ്വീകരിക്കുകയും ചെയ്തു വരുന്നുണ്ട്. മോട്ടോർ വാഹന നിയമലംഘനങ്ങൾ കണ്ടെത്തുന്നതുമായി ബന്ധപ്പെട്ട് എല്ലാ എൻഫോഴ്സ്മെന്റ് ഉദ്യോഗസ്ഥർക്കും മാസം തോറും നിശ്ചിത ലക്ഷ്യം കൈവരിക്കുന്നതിനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്. ആയത് കൈവരിക്കാത്ത ഉദ്യോഗസ്ഥർക്കെതിരെ നടപടികൾ സ്വീകരിക്കുന്നുണ്ട്. |
| (ബി) | വാഹനത്തിന്റെ വേഗത നിയന്ത്രിക്കുന്ന ഇലക്ട്രോണിക് യൂണിറ്റിൽ മാറ്റം വരുത്തുന്ന വാഹന ഉടമകൾക്കെതിരെയും വർക്ക്ഷോപ്പ് ഉടമകൾക്കെതിരെയും നടപടി സ്വീകരിക്കാറുണ്ടോ; വിശദമാക്കുമോ; | (ബി) | വാഹനത്തിന്റെ വേഗത നിയന്ത്രിക്കുന്ന ഇലക്ട്രോണിക് യൂണിറ്റിൽ കൃത്രിമം കാണിക്കുന്ന വാഹന ഉടമകൾക്കെതിരെ കർശന നടപടികൾ സ്വീകരിക്കുന്നുണ്ട്. ഇത്തരത്തിൽ കൃത്രിമം കാണിച്ചിട്ടുള്ള വാഹനങ്ങളുടെ ഫിറ്റ്നസ് ക്യാൻസൽ ചെയ്യുന്നതിനും, പിഴ ഈടാക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്. എന്നാൽ കൃത്രിമം ചെയ്തു നൽകുന്ന വർക്ക്ഷോപ്പ് ഉടമകൾക്കെതിരെ മോട്ടോർ വാഹന നിയമ പ്രകാരം നടപടി സ്വീകരിക്കാൻ കഴിയില്ല. |
| (സി) | മോട്ടോർ വാഹന നിയമ ലംഘനം നടത്തുന്നവർക്ക് എതിരെ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ? | (സി) | വാഹനത്തിന്റെ വേഗത നിയന്ത്രിക്കുന്ന ഇലക്ട്രോണിക് യൂണിറ്റിൽ കൃത്രിമം കാണിക്കുന്ന വാഹന ഉടമകൾക്കെതിരെ കർശന നടപടികൾ സ്വീകരിക്കുന്നുണ്ട്. ഇത്തരത്തിൽ കൃത്രിമം കാണിച്ചിട്ടുള്ള വാഹനങ്ങളുടെ ഫിറ്റ്നസ് ക്യാൻസൽ ചെയ്യുന്നതിനും, പിഴ ഈടാക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്. എന്നാൽ കൃത്രിമം ചെയ്തു നൽകുന്ന വർക്ക്ഷോപ്പ് ഉടമകൾക്കെതിരെ |

| | | | |
|---|---|---|---|
| | | | മോട്ടോർ വാഹന നിയമ പ്രകാരം നടപടി സ്വീകരിക്കാൻ കഴിയില്ല. |

സെക്ഷൻ ഓഫീസർ